(ബി) ആരോഗ്യവകുപ്പ് നിരോധ് സൗജന്യമായി വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. വില്പന നടത്തുന്നില്ല.

(സി) കുടുംബക്ഷേമ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, അവയുടെ ഉപകേന്ദ്രങ്ങൾ, പോസ്റ്റ് പാർട്ടം സെൻറുകൾ, സന്നദ്ധ സംഘടനകൾ, റേഷൻ കടകൾ, ബാർബർഷാപ്പുകൾ, ഹോമിയോ-ആയുർവേദ ഡിസ്പെൻസറികൾ എന്നിവവഴി വിതരണം ചെയ്യുന്നു.

(ഡി) ഉണ്ട്.

(ഇ) റേഷൻകടകൾ ബാർബർഷാപ്പുകൾ എന്നീ ഏജൻസികൾ വഴിയുള്ള വിതരണം അടുത്ത കാലത്താണ് ആരംഭിച്ചത്. പൂർണ്ണ വിവരം ശേഖരിച്ചു വരുന്നു.

അംഗവൈകല്യം സംഭവിച്ചവർക്ക് തസ്തികമാറ്റം അനുവദിക്കുവാൻ വ്യവസ്ഥ

22. [27] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഗവൺമെൻറ് സർവ്വീസിൽ ജോലി ലഭിച്ചശേഷം രോഗംമൂലമോ, അപകടം മൂലമോ അംഗവൈകല്യം സംഭവിക്കുകയും അതുമൂലം തങ്ങളുടെ ജോലി നടത്തിക്കൊണ്ടുപോകാൻ ബുദ്ധിമുട്ടുണ്ടാകുകയും ചെയ്തിട്ടുള്ളവർക്ക് തസ്തികമാറ്റം അനുവദിക്കുവാൻ വ്യവസ്ഥയുണ്ടോ ?

ഉത്തരം

ഇല്ല.

സ്റ്റേറ്റർ സൂപ്രണ്ട് തസ്തിക

23. [28] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 200 കിടക്കകളുള്ള ആശുപത്രികളിൽ ഗസറ്റഡ് സ്റ്റേറ്റർ സൂപ്രണ്ട് തസ്തിക അനുവദിച്ചുകൊണ്ട് ഉത്തരവുണ്ടായിരുന്നു. (ജി. ഒ. എം.എസ്. 75/85/എഫ്.ഡി. തീയതി 28-3-1985) എങ്കിലും മെഡിക്കൽ കോളേജുകളടക്കം ചില സ്ഥാപനങ്ങളിൽ പ്രസ്തുത തസ്തിക ഒഴിഞ്ഞുകിടക്കുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര സ്ഥാപനങ്ങൾ ഇങ്ങനെയുണ്ട് ;

(സി) ഇതിൻമേൽ എന്തുനടപടി സ്വീകരിച്ചു ?

ഉത്തരം

(എ) 28-3-1985-ലെ ജി.ഒ. എം.എസ്. 75/85/എഫ്.ഡി. ഉത്തരവു പ്രകാരം 200-ഉം അതിൽ കൂടുതലും കിടക്കകളുള്ള ജില്ലാ/താലൂക്ക് ആശുപത്രികളിലേക്കായി 13 സ്റ്റേറ്റർ സൂപ്രണ്ടുമാരുടെ ഗസറ്റഡ് തസ്തികകൾ സൃഷ്ടിക്കുകയും ആ തസ്തികകൾ ജില്ലാ മെഡിക്കൽ സ്റ്റേറ്റാറുകളിൽ പ്രവർത്തിക്കാൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതിനുപകരം ജില്ലാ മെഡിക്കൽ സ്റ്റേറ്റാറിലുള്ള നോൺ ഗസറ്റഡ് സ്റ്റേറ്റർ സൂപ്രണ്ട് തസ്തികകൾ ജില്ലാ താലൂക്ക് ആശുപത്രികളിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് മെഡിക്കൽ കോളേജ് ആശുപത്രികളുൾപ്പെടെ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly